"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിൽ ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി കേരള ഭൂമി വിട്ടൊഴിയൽ നിയമം 1958 പ്രകാരം ശ്രീ.എം.സി.ജേക്കബ് മഴുവൻചേരിൽ എന്നയാൾ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞ് സർക്കാർ പുറമ്പോക്കാക്കി മാറ്റിയ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിലെ സർവ്വെ നമ്പർ 1/1-ൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി, പ്രസ്തുത ആവശ്യത്തിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 2 4 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് ടിയാന് സൗജന്യമായി പതിച്ചു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എ) വകുപ്പ്

സ.ഉ.(കൈ) നം.212/2024/RD തീയതി,തിരുവനന്തപുരം, 01-11-2024

---

പരാമർശം:-

1. ദേവികുളം സബ്കളക്ടറുടെ 17.01.2017 ലെ ബി4-2834/2014 നം നടപടിക്രമം.
2. ദേവികുളം സബ്കളക്ടറുടെ 13.08.2019 ലെ RDODVM/425/2019-B4 നം നടപടിക്രമം.
3. ശ്രീ.എം.സി.ജേക്കബ്ബിന്റെ 22.08.2019 ലെ അപേക്ഷ.
4. ദേവികുളം സബ്കളക്ടറുടെ 20.02.2021-ലെ RDODVM/425/2019-B4 നം കത്ത്.
5. ഇടുക്കി ജില്ലാ കളക്ടറുടെ 24/07/2022 -ലെ DCIDK/111/2021/C1 നം കത്ത്
6. ലാന്റ് റവന്യൂ കമ്മീഷണറുടെ 04/08/2023 ലെ LR-8547/2023/LRK5/K.Dis. നം കത്ത്.

**<u>ഉത്തരവ്</u>**

ഇരട്ടയാർ വില്ലേജിലെ മഴുവൻചേരിൽ ശ്രീ.എം.സി.ജേക്കബ് എന്നയാളുടെ കൈവശാനുഭവത്തിലും കരം തീരുവയിലുമുള്ളതും സർവ്വെ നമ്പർ 1/1-ൽ പ്പെട്ടതുമായ 0.1596 ഹെക്ടർ ഭൂമിയിൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി ടിയാൻ വിട്ടൊഴിഞ്ഞിരുന്നു. 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം ദേവികുളം സബ് കളക്ടർ പ്രസ്തുത ഭൂമി പരാമർശം (1) പ്രകാരം സർക്കാരിലേയ്ക്ക് കൈവശപ്പെടുത്തി റവന്യൂ രേഖകളിൽ മതിയായ മാറ്റങ്ങൾ വരുത്തിയിരുന്നു. തുടർന്ന് ജില്ലാ നിർമ്മിതി കേന്ദ്രം മുഖാന്തിരം

കെട്ടിട നിർമ്മാണത്തിനായുള്ള ഭൗതിക സാഹചര്യം പരിശോധിച്ചതിൽ ടി ഭൂമി കെട്ടിട നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തുകയും കുത്തനെ ചരിവുള്ള പ്രദേശമായതിനാൽ സംരക്ഷണ ഭിത്തി നിർമ്മിയ്ക്കാതെ കെട്ടിട നിർമ്മാണം സാധ്യമല്ലായെന്ന് ബോദ്ധ്യപ്പെട്ടുകയുമുണ്ടായി. ടി സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് ഭാരിച്ച തുക ചിലവു വരുന്നതിനാൽ ടി സ്ഥലത്ത് വില്ലേജ് ഓഫീസ് നിർമ്മിക്കുവാനുള്ള പദ്ധതി ഉപേക്ഷിക്കുകയുണ്ടായി. തുടർന്ന് കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം സെന്റ് തോമസ് പള്ളി വക ഭൂമി വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി വിട്ടൊഴിയുകയും പരാമർശം (2) പ്രകാരം ടി ഭൂമി ഏറ്റെടുത്ത് വില്ലേജ് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും നിർമ്മാണം പൂർത്തിയാക്കി 30.09.2021-ൽ ഉദ്ഘാടനം നടത്തുകയും ടി കെട്ടിടത്തിൽ ഇരട്ടയാർ വില്ലേജ് ഓഫീസ് പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

2. വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി ശ്രീ.എം.സി.ജേക്കബ് വിട്ടു നൽകിയ ഭൂമിയിൽ വില്ലേജ് ഓഫീസ് നിർമ്മിക്കാത്തതിനാൽ ടി ഭൂമി തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം(3) പ്രകാരം ടിയാൻ അപേക്ഷ സമർപ്പിച്ചിരുന്നു.

3. അപേക്ഷാ വസ്തു കട്ടപ്പന SRO -യിലെ 3500/2004 നമ്പർ ആധാരപ്രകാരം ശ്രീ എം.സി.ജേക്കബ് തീറുവാങ്ങിയ ഭൂമിയാണെന്നും ആധാരം, തണ്ടപ്പേർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ടി വസ്തുവിന്റെ ഉടമസ്ഥത ശ്രീ.എം.സി.ജേക്കബിന്റെ പേരിൽ മാത്രമാണെന്നും ഇടുക്കി ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദേവികുളം ആർ ഡി ഒ-യുടെ പരാമർശം (1) ഉത്തരവ് പ്രകാരവും ഉടുമ്പൻചോല തഹസിൽദാറുടെ 27/01/2017 ലെ ജി3/12240/14 നമ്പർ ഉത്തരവ് പ്രകാരവും ടി 0.0405 ഹെക്ടർ സ്ഥലം തണ്ടപ്പേരിൽ കുറവ് ചെയ്യുകയും വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിലേക്കായി ടി സ്ഥലം സർക്കാർ പുറമ്പോക്കിലേക്ക് മാറ്റിയിട്ടുള്ളതുമാണെന്നും ടി സ്ഥലം നിലവിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ച് സർക്കാർ ഭൂമിയായി സംരക്ഷിച്ചു പോരുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഭൂമി ഇരട്ടയാർ വില്ലേജാഫീസ് നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സാഹചര്യത്തിലും മറ്റൊരു ഭൂമി കണ്ടെത്തി ഇരട്ടയാർ വില്ലേജാഫീസ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാലും മറ്റ് സർക്കാർ ആവശ്യങ്ങൾക്ക് ടി ഭൂമി അനുയോജ്യമല്ലായെന്നതും കണക്കിലെടുത്ത് അപേക്ഷകൻ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞ് നൽകിയ ഭൂമി ടിയാൾക്ക് തിരികെ നൽകാവുന്നതാണെന്ന് ദേവികുളം സബ് കളക്ടറും ഇടുക്കി ജില്ലാ കളക്ടറും പരാമർശം(4), (5) പ്രകാരം ശിപാർശ

ചെയ്തിട്ടുണ്ട്.

4. 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം പൊതുതാൽപര്യാർത്ഥം പരിഗണിക്കേണ്ട ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം സർക്കാരിന് ആയതിനുള്ള ക്ഷമതയുണ്ടായിരിക്കുമെന്ന് വിവക്ഷിച്ചിരിക്കുന്നതിനാലും, Government Employees Recreation Club vs. State of Kerala and Others എന്ന ഹർജിയിന്മേലുള്ള വിധിന്യായത്തിൽ ചട്ടം 24 പ്രകാരമുള്ള പൊതുതാൽപര്യമെന്നാൽ എല്ലാ ആവശ്യങ്ങളും മാത്രമല്ല മറിച്ച് സംസ്ഥാനത്തെ ജനങ്ങൾക്ക് പൊതുവെ ഉപകാരങ്ങൾ ഉറപ്പാക്കുന്നതിനുള്ള ഉദ്ദേശ്യങ്ങൾ കൂടിയാണ് എന്ന് നിരീക്ഷിച്ചിരിക്കുന്നതിനാലും ശ്രീ.എം.സി.ജേക്കബ് സർക്കാരിലേക്ക് വിട്ട് നൽകിയ ഭൂമി ടിയാൾക്ക് തിരികെ നൽകാവുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണറും പരാമർശം(6) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

5. 1958ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം ലഭ്യമായ ഭൂമി സർക്കാരിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമത്തിലോ ചട്ടങ്ങളിലോ ഒരിക്കൽ വിട്ടൊഴിഞ്ഞ ഭൂമി വിട്ടൊഴിഞ്ഞ് നൽകിയ കക്ഷിക്ക് തിരികെ നൽകുന്നതിന് വ്യവസ്ഥയില്ലാത്തതാണ്. 1958-ലെ കേരള ഭൂമി വിട്ടൊഴിയൽ നിയമത്തിലെ വകുപ്പ് 2 നിർവചനങ്ങൾ 2 (ബി)യിൽ 'വിട്ടൊഴിഞ്ഞ് കൊടുക്കൽ' എന്നാൽ രജിസ്റ്റേഡ് കൈവശക്കാരന്റെ കൈവശത്തിലുള്ള ഏതെങ്കിലും ഭൂമിയുടെ സംഗതിയിൽ ആ ഭൂമിയിന്മേൽ രജിസ്റ്റേഡ് കൈവശക്കാരൻ തനിക്കുള്ള എല്ലാ അവകാശങ്ങളും വിട്ടൊഴിഞ്ഞ് കൊടുക്കൽ എന്ന് വിവക്ഷിച്ചിട്ടുണ്ട്, വകുപ്പ് 4(സി) പ്രകാരം വിട്ടൊഴിഞ്ഞ് കൊടുത്ത ഭൂമി സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. ഇരട്ടയാർ വില്ലേജാഫീസിന്റെ നിർമ്മാണത്തിനായി കേരള ഭൂമി വിട്ടൊഴിയൽ നിയമം പ്രകാരം ശ്രീ.എം.സി.ജേക്കബ് മഴവൻചേരിൽ എന്നയാൾ സർക്കാരിലേയ്ക്ക് വിട്ടൊഴിഞ്ഞതും സർക്കാർ പുറമ്പോക്കാക്കി മാറ്റിയതുമായ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല താലൂക്കിലെ ഇരട്ടയാർ വില്ലേജിലെ സർവ്വെ നമ്പർ 1/1-ൽപ്പെട്ട 0.0405 ഹെക്ടർ ഭൂമി, പ്രസ്തുത ആവശ്യത്തിന് യോഗ്യമല്ലാത്ത സാഹചര്യത്തിൽ, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരമുപയോഗിച്ച് ടിയാന് സൗജന്യമായി പതിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

7. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ ഇടുക്കി ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ)/(ആഡിറ്റ്),തിരുവനന്തപുരം
ജില്ലാ കളക്ടർ,ഇടുക്കി
ശ്രീ.എ.സി.ജേക്കബ്ബ്, മുഴവൻചേരിൽ, ഇരട്ടയാർ.പി.ഒ, ഇരട്ടയാർ, ഇടുക്കി
സബ്കളക്ടർ, ദേവികുളം
നിയമ വകുപ്പ്(16103/ഉപദേശ-ജി2/2021/നിയമം പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം.നം.2477, തീയതി 30.10.2024)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ(എ2/80/2021/റവ)

ഉത്തരവിൻ പ്രകാരം
Signed by
Sandhya S
Date: 02-11-2024 13:46:33
സെക്ഷൻ ഓഫീസർ